**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2344      17.08.2017-ൽ മറുപടിക്ക്

**ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഒ.ആർ.കേളു | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട് ജില്ലയിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട് എന്നറിയിക്കാമോ ; | എ) | വയനാട് ജില്ലയിൽ നിലവിൽ 8263 പട്ടികവർഗ്ഗക്കാർ ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | ബി) | മുൻ സർക്കാർ നടപ്പിലാക്കാതെ മാറ്റി വച്ചിരുന്ന വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന നടപടി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ത്വരിതപ്പെടുത്തി ഇതിലേയ്ക്ക് ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയുണ്ടായി. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു. സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും അതിൻപ്രകാരം നിക്ഷിപ്തവനഭൂമി വിതരണത്തിന് അനുമതി ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ ഭൂമി 3 മാസത്തിനകം അളന്ന് തിരിച്ച് വിതരണം ചെയ്യുന്നതിനും സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 01.01.1977 -ന് മുമ്പ് വനഭൂമി കൈവശമുള്ള പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുന്നതിന് ഉത്തരവാകുകയും തുടർ നടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചു വരികയുമാണ്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1037 പേർക്ക്1400.86 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. |
| സി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ